പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2245 18.12.2012 -ലെ മറുപടി

പുനലൂരിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ മേഖലകളിൽ കെ.എസ്. ആർ.ടി.സി. വിവിധ ഡിപ്പോകളിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ബസ് സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ മേഖലകളിൽ കെ.എസ്. ആർ.ടി.സി. വിവിധ ഡിപ്പോകളിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ബസ് സർവ്വീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>അഞ്ചൽ ഭാഗത്തേക്ക് 5 ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്, ഒരു സൂപ്പർ ഫാസ്റ്റ് (3 ട്രിപ്പു വീതം), 3 സ്റ്റേ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നു. ഇതിൽ 7 ഡബിൾ ഡ്യൂട്ടി ഉൾപ്പടെ 39 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നു.<br>തെന്മല-ആര്യങ്കാവ് ഭാഗത്തേക്ക് 3 ഫാസ്റ്റ് പാസഞ്ചർ 3 ട്രിപ്പു വീതം ഓപ്പറേറ്റു ചെയ്യുന്നു. 8 ഡബിൾ ഡ്യൂട്ടി, 24 ഓളം ട്രിപ്പുകൾ ഈ ഭാഗത്തേക്ക് ഓപ്പറേറ്റ് ചെയ്യുന്നു. ഈ ഭാഗത്തേക്ക് 10 ഡബിൾ ഡ്യൂട്ടിയും 2 സ്റ്റേ ഉൾപ്പടെ 25 ഓളം ഓർഡിനറി സർവ്വീസുകളുടെ ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്നു.<br>അലിമുക്ക് തിരിഞ്ഞ് അച്ചൻകോവിൽ ഭാഗത്തേക്ക് 06.15, 11.30, 16.45 എന്നീ സമയങ്ങളിൽ സർവ്വീസ് നടത്തുന്നു. ഇതിൽ 5 |

| | | | |
|---|---|---|---|
| | | | ഡബിൾ ഡ്യൂട്ടിയും ഒരു സ്റ്റേ സർവ്വീസും നടത്തുന്നുണ്ട്. കൊട്ടാരക്കര ഭാഗത്തേക്ക് 7 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും ഡബിൾ ഡ്യൂട്ടികളുടെ 58 ട്രിപ്പുകളും സർവ്വീസ് നടത്തുന്നു. കൊട്ടാരക്കര, കൊല്ലം, ആര്യങ്കാവ് തുടങ്ങിയ ഡിപ്പോകളിൽ നിന്നും നിരവധി സർവ്വീസുകൾ പുനലൂർ നിയോജക മണ്ഡലം വഴി കടന്നു പോകുന്നുണ്ട്. ആര്യങ്കാവ്, തെങ്കാശി ഭാഗത്തേക്ക് കൊല്ലം ഡിപ്പോയിൽ നിന്നും 5 ഉം, കൊട്ടാരക്കര നിന്നും 5ഉം, ആലപ്പുഴ, മാവേലിക്കര, കായംകുളം, ചങ്ങനാശ്ശേരി, കോട്ടയം, തിരുവനന്തപുരം എന്നീ ഡിപ്പോകളിൽ നിന്നും പുനലൂർ മണ്ഡലം വഴി തെങ്കാശിയിലേക്കും സർവ്വീസ് നടത്തുന്നുണ്ട്. ചാത്തന്നൂർ, ചടയമംഗലം, കിളിമാനൂർ, കണിയാപുരം, വിതുര, കാട്ടാക്കട, പത്തനാപുരം, പത്തനംതിട്ട, അടൂർ തുടങ്ങിയ ഡിപ്പോകളിൽ നിന്നും പുനലൂർ മണ്ഡലം വഴി സർവ്വീസ് നടത്തുന്നുണ്ട്. |

Geethakumari

സെക്ഷൻ ഓഫീസർ